# പതിമുന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1713.

21.01.2014-ലെ മറുപടിക്ക്

## തിരുവനന്തപുരം പൂവച്ചലിലെ വേൾഡ് മാർക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. കെ.പി.. മോഹനൻ<br><br>കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| **(എ)** ഈ സർക്കാരിന്റെ ആദ്യത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തിരുവനന്തപുരം പൂവച്ചലിൽ സ്ഥാപിക്കുന്ന ലോക നിലവാരമുള്ള മാർക്കറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ടോ; | **(എ)** 2011-12-ലെ പുതുക്കിയ ബഡ്ജറ്റിൽ തിരുവനന്തപുരം പൂവച്ചലിൽ ലോക നിലവാരമുള്ള ഒരു കർഷക മാർക്കറ്റ് സ്ഥാപിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഏത് വകുപ്പ് മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമല്ലായിരുന്നു. പക്ഷെ 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കേണ്ട പദ്ധതികളിൽ പൂവച്ചൽ പഞ്ചായത്തിലെ കാട്ടാക്കട മാർക്കറ്റ് ആധുനികവത്ക്കരിക്കുവാൻ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്; |
| **(ബി)** പ്രസ്തുത പദ്ധതിക്ക് എന്ത് തുക ചിലവഴിക്കുകയുണ്ടായി; | **(ബി)** വിവരം ലഭ്യമല്ല; |
| **(സി)** ലോകത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലേക്ക് ഇവിടെ നിന്നും ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്; എത്ര ജീവനക്കാർ ഇവിടെയുണ്ട്; വിശദമാക്കാമോ? | **(സി)** വിവരം ലഭ്യമല്ല. |

അണ്ടർ സെക്രട്ടറി.